സ്കൂളിലും കൂടി എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്) തസ്തിക എത്രയെണ്ണം ആവശ്യമുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) വ്യവസ്ഥ പ്രകാരമുള്ള തസ്തികകൾ ഇപ്പോൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇപ്രകാരമുള്ള എല്ലാ ഒഴിവുകളിലേക്കും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 120.

(ബി) 334.

(സി) അനുവദിച്ചിട്ടുണ്ട്. 334.

(ഡി) നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്) തസ്തികയിലെ ഒഴിവുകൾ

96 [648] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98 അദ്ധ്യയന വർഷം മുതൽ നാളിതുവരെ തിരുവനന്തപുരം ജില്ലയിൽ ഓരോ വർഷവും എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്) തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്;

(ബി) ഈ ഒഴിവുകൾ പി. എസ്. സി.-ക്ക് കാലാകാലം റിപ്പോർട്ടു ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) 1997-98 അദ്ധ്യയന വർഷം മുതൽ നാളിതുവരെ ഓരോ വർഷവും എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്) തസ്തികയിൽ എത്രപേർക്ക് ജില്ലാന്തര സ്ഥലം മാറ്റം നൽകിയിട്ടുണ്ട്;

(ഡി) 2001 സെപ്തംബറിൽ എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്) റാങ്ക് ലിസ്റ്റ് നിലവിൽ വരുമ്പോൾ എത്ര ഒഴിവുകൾ റിപ്പോർട്ടു ചെയ്തിരുന്നു;

(ഇ) ഇതിൽ എത്ര പേരെ നാളിതുവരെ നിയമിച്ചു;

(എഫ്) ഇപ്പോൾ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) പ്രസ്തുത ഒഴിവുകളിലേക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുൻപ് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;

(എച്ച്) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 4½ വർഷം വരെ ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1997-98 മുതൽ 2000-01 വരെയുള്ള എച്ച്. എസ്. എ. കോർ സബ്ജക്ട് ഒഴിവുകൾ ഒന്നിച്ചാണ് കണക്കാക്കിയിരിക്കുന്നത്. അതിനാൽ വിഷയം തിരിച്ചുള്ള ഒഴിവ് ലഭ്യമല്ല.

| | | |
|---|---|---|
| 2001-02 | .. | 1 |
| 2002-03 | .. | 19 |
| 2003-04 | .. | 22 |

(ബി) ഉണ്ട്. 2001-02-ൽ 20 ഒഴിവുകൾ റിപ്പോർട്ടു ചെയ്തു. 2002-03-ൽ അനുവാദം കിട്ടാത്തതുകൊണ്ട് റിപ്പോർട്ടു ചെയ്തില്ല. 2003-04-ൽ 18 ഒഴിവുകൾ റിപ്പോർട്ടു ചെയ്തു.

(സി)

| | | |
|---|---|---|
| 1997-98 | .. | 5 |
| 1998-99 | .. | 7 |
| 1999-00 | .. | 2 |
| 2000-01 | .. | 3 |
| 2001-02 | .. | ഇല്ല |
| 2002-03 | .. | 4 |
| 2003-04 | .. | 7 |

(ഡി) 20 ഒഴിവുകൾ.

(ഇ) ഈ ഒഴിവുകൾ ഉൾപ്പെടെ നാളിതുവരെ 38 പേരെ നിയമിച്ചു.

(എഫ്) 4 ഒഴിവുകൾ.

(ജി) 4 ഒഴിവുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പി. എസ്. സി.-യുടെ അഡ്വൈസ് ലിസ്റ്റ് കിട്ടുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

(എച്ച്) ഇക്കാര്യം നയപരമായി തീരുമാനിക്കേണ്ടതാണ്.

## തിരുവനന്തപുരം ജില്ലയിൽ എച്ച്. എസ്. എ. ഫിസിക്കൽ സയൻസ് നിയമനം

97 [649] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly